25 YEARS OF ROTARY SERVICE
Rotary
AUGUST 2024
# TRIROTS
BULLETIN OF TRIKARIPUR ROTARY
THE MAGIC OF ROTARY
E-mail: trikarpurrotary@gmail.com
Website: https://rctrikarpur.rotaryindia.org

പ്രിയരേ,

വയനാട്ടിലെ നമ്മുടെ സഹോദരങ്ങൾക്കുണ്ടായ എല്ലാ ദുഃഖത്തിലും അവരോടൊപ്പം ചേർന്നു നിന്നു കൊണ്ട് വേദനയും ദുഃഖവും പങ്കിടുകയാണ്, കാൽ നൂറ്റാണ്ടിലേറെയായി തൃക്കരിപ്പൂരിലും പരിസരപ്രദേശങ്ങളിലും വ്യക്തമായ അടയാളപ്പെടുത്തലോടു കൂടി പ്രവർത്തിച്ചുവരുന്ന ഒരു അന്തർ ദേശീയ പ്രസ്ഥാനമായ തൃക്കരിപ്പൂർ റോട്ടറിയുടെ ''ചാർട്ടർ ഡേ'' ആഘോഷമാണ് 18-08-2024ന് നടക്കുന്നത്. ജനോപകാരപ്രദമായ ഒട്ടനവധി പ്രവർത്തനങ്ങൾക്കൊപ്പം മെമ്പർമാരുടെ ചിരകാലാഭിലാഷമായ സ്വന്തമായ ഓഫീസ് കെട്ടിടം അംഗങ്ങൾ കൈകോർത്തു പിടിച്ചതിന്റെ ഫലമായി മനോഹരമായ ഒരു ഇരു നില കെട്ടിടം' റോട്ടറി കമ്മ്യൂണിറ്റി സെന്റർ എന്ന പേരിൽ യാഥാർത്ഥ്യമായിരിക്കുന്നതും ഗ്ലോബൽ ഗ്രാന്റിന്റെ പിന്തുണയോടെ തൃക്കരിപ്പൂർ സി.എച്ച് ഡയാലിസിസ് സെന്ററിൽ ഒരു പ്രത്യേക ബ്ലോക്കായി റോട്ടറി ഡയാലിസിസ് സെന്റർ സെപ്തംബർ ഇരുപത്തിരണ്ടാം തീയതി ഉദ്ഘാടനം ചെയ്യപ്പെടുന്നതുമാണ്. ഇത്തവണത്തെ 'ചാട്ടർ ഡേ' മുഴുവൻ റോട്ടറി കുടുംബാംഗങ്ങൾക്കും ഏറെ അഭിമാനവും സന്തോഷവും നൽകുന്നതാണ്. എല്ലാവർക്കും ഊഷ്മളമായ സ്നേഹാശംസകളോടെ....
ജയ് റോട്ടറി..



**Rtn. P.V. Chandramohanan**
President

## മറ്റൊരു സാക്ഷാത്കാരത്തിന്റെ നിറവിൽ

തൃക്കരിപ്പൂർ റോട്ടറി അതിന്റെ സിൽവർ ജൂബിലി വർഷമായി ആഘോഷിക്കുന്ന ഈ വേളയിൽ മറ്റൊരു തിലകക്കുറികൂടി.

ഇൻറർനാഷണൽ റോട്ടറി ഫൗണ്ടേഷന്റെ വകയായി 25 ലക്ഷത്തിൽ പരം രൂപ ചെലവഴിച്ചു കൊണ്ട് നാല് ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുന്നു. തൃക്കരിപ്പൂർ പഞ്ചായത്തിൽ നാം നടത്തിയ സർവ്വേയിൽ നിലവിലുള്ള രണ്ട് സെന്ററുകളിലുമായി ഡയാലിസിസിന് കാത്തുനിൽക്കുന്ന രോഗികളുടെ എണ്ണം വളരെ കൂടുതലാണ്. അതിനൊരു പരിഹാരമായി റോട്ടറി തൃക്കരിപ്പൂരിന് എന്ത് ചെയ്യാനാകും എന്ന ചിന്തയിൽ നിന്നാണ് റോട്ടറി ഫൗണ്ടേഷൻ ഗ്രാൻഡ് സാധ്യമാക്കാൻ ശ്രമിക്കാം എന്ന് തീരുമാനിച്ചത്.

അതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർ കെ. സുധാകരൻ ചെയർമാനും എ.എം രാജഗോപാലൻ നായർ കൺവീനറുമായി 6 അംഗ കമ്മിറ്റി നിലവിൽ വന്നു. നിരന്തരമായ കത്തിടപാടിന്റെ അടിസ്ഥാനത്തിൽ ഫൗണ്ടേഷനിൽ നിന്ന് 30,000 ഡോളറിൽ പരം തുക അനുവദിക്കുകയും 4 ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തു.

സാമ്പത്തികമായി വളരെ ബാധ്യത വരുന്ന ഈ സംരംഭത്തിന് ക്ലബ്ബ് അംഗങ്ങൾക്ക് പുറമേ നല്ലവരായ വ്യക്തികളും ഈ പ്രോജക്ട് യാഥാർത്ഥ്യമാക്കാൻ സംഭാവന നൽകിയിട്ടുണ്ട്.

നിലവിൽ 10 വർഷത്തിലധികമായി ഡയാലിസിസുകൾ നടത്തിവരുന്ന തൃക്കരിപ്പൂരിലെ പ്രമുഖ സ്ഥാപനമായ സി.എച്ച് സെൻറർ അധികൃതരുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ കാരോളത്തുള്ള അവരുടെ കെട്ടിടത്തിൽ മെഷീനുകൾ സ്ഥാപിക്കാൻ ധാരണയായി. ഇക്കാര്യത്തിൽ സി.എച്ച് സെൻറർ ചെയർമാനെയും മറ്റ് കമ്മിറ്റി അംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

റോട്ടറിയുടെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്ന ഈ പ്രോജക്ട് വൃക്ക രോഗത്താൽ അവശത അനുഭവിക്കുന്ന സാധാരണ ജനങ്ങൾക്ക് ഏറെ ആശ്വാസമാകും എന്ന കാര്യത്തിൽ സംശയമില്ല.

ചെയർമാൻ ഡോക്ടർ കെ.സുധാകരന്റെ നിശ്ചയദാർഢ്യവും ഐ.പി.പി കെ.വി ഗംഗാധരൻ, പ്രസിഡണ്ട് പി.വി ചന്ദ്രമോഹനൻ എന്നിവരുടെ പ്രോത്സാഹനവും മറ്റ് കമ്മിറ്റി അംഗങ്ങളായ എം.സുലൈമാൻ മാസ്റ്റർ കെ.രവീന്ദ്രൻ എന്നിവരുടെ നിസ്സീമമായ പിന്തുണയും, ഈ പ്രോജക്റ്റിന്റെ ഇൻറർനാഷണൽ പ്രൈമറി കോൺടാക്ട് പേഴ്സൺ എന്ന നിലയിലും എനിക്ക് ഭാഗവാക്കാകാൻ സാധിച്ചതിൽ അതിയായി സന്തോഷിക്കുന്നു.

തൃക്കരിപ്പൂർ റോട്ടറിക്ക് മറ്റൊരു തിലകക്കുറിയായി മാറുന്ന ഈ പ്രോജക്റ്റ് മുഴുവൻ അംഗങ്ങൾക്കും അഭിമാനിക്കാൻ വക നൽകുന്നതാണ്. പ്രോജക്റ്റിന് വേണ്ടി റോട്ടറി ഫൗണ്ടേഷനിലേക്ക് സംഭാവന ചെയ്ത മുഴുവൻ വ്യക്തികളെയും ഈ അവസരത്തിൽ ഒന്നു കൂടി അനുമോദിക്കുന്നു.
ജയ് റോട്ടറി



**Rtn. MPHF. A.M. Rajagopalan Nair**
TRF Grant primary contact person & convenor

# REPORT OF ACTIVITIES



**Rtn. T.K Rani**
**Secretary**

## CLUB ADMINISTRATION

**Installation function:** Installation of Rtn P.V. Chandramohanan as 26th President and his team was on 04th July 2024 at Sreelayam Auditorium, Nadakkavu, Trikaripur. DGE Rtn Bijosh Manuel was the chief guest on the occasion. Zonal Coordinator Rtn. MK Radhakrishnan, Assistant Governor Rtn. CH Abdul Raheem and Governors Group Representative Rtn Gangadharan Allakkot felicitated the function.

**Rotary Club Central:** We updated the Club goals for the year 2024-25 in Rotary Club Central successfully on 1 st July 2024 itself.

**Weekly Meetings:** We made our weekly meetings live by presenting various subjects by Rotarians of our own and occasionally from neighboring Clubs.

**Rotary Website:** We reinstated the Club website in Rotary India.org

**Club Bulletin:** GGR Rtn A Gangadharan released the first issue of Club Bulletin TRIROTS in the installation function by handing over the first copy to Club first lady Rtn. Indira Chandramohanan.

**Honouring members:** IPP Rtn K.V. Gangadharan honoured Rtn. C. Hamza and Rtn. A.M. Rajagopalan Nair who attended the Singapore RI convention.

**Participation in District/Zonal/Club Events:** Rotarians in large number attended District Training Assembly held at Mahe and DG's Installation function held at Payyanur. As always we marked our presence in all the District / Zonal Seminars on various subjects and almost all Club installations functions with maximum participation.

## MEMBERSHIP

**New Member Induction:** At the installation Programme on 04th July Zonal Coordinator Rtn. M.K. Radhakrishnan inducted T. Pavithran and Indira Chandramohanan as our members.

## SERVICE PROJECTS

**Vocational Service:** Doctor's Day: On 1st July 2024, in our 1 st weekly meeting of this Rotary year we honoured Rtn. Dr. O.K. Anandakrishnan and Rtn Dr, V. Rajeeevan.

**Community Service:** Padmini Balakrishnan Vaidyar Memorial Charity Fund: Handed over Padmini Balakrishnan Vaidyar Memorial Charity Fund which is sponsored by Rtn Dr OK Anandakrishnan to Trikaripur Palliative Care Society. AG Rtn CH Abdul Raheem handed over the amount to Rtn Dr CKP Kunhabdulla, President Trikaripur Palliative Care Society on 04.07.2024.

**Youth Service:** On 04th July, IPP Rtn K.V. Gangadharan honoured & The Emerging Researcher Award winner Anfas Muhammed, Trikaripur

## PUBLIC IMAGE

**Press & Media:** All our projects and programs were well covered in almost all news papers, in local news channels and also in social Medias such as Facebook, and in various WhatsApp groups and in our own well updated website.

## RI PRIORITIES (7 Areas of Focus)

**Basic Education & Literacy:** O.K. Balakrishnan Vaidyar Memorial Endowment Award: Assistant Governor Rtn C.H. Abdul Raheem handed over O.K. Balakrishnan Vaidyar Memorial Endowment Award to the +2 topper Riyalakshmi of GHSS Trikaripur which is sponsored by Rtn Dr OK Anandakrishnan.

**Educate a Girl Child:** "Educate a Girl Child" is a permanent project of Rotary Trikaripur, which is sponsored by Past President Rtn. Dr. Sreemathi Sudhakaran. We provide all the expense for education, for the whole year for 2 girl students. Assistant Governor Rtn C.H. Abdul Raheem handed over the financial assistance to the beneficiaries Anusree and Amaya on 04th July 2024.

**Newspapers to School:** On 25 th July, we subscribed 5 copies of Kerala Kaumudi daily newspaper to ALP School, Kooleri. In a function arranged at school, AG Rtn. C.H. Abdul Raheem handed over the paper to students. Rtn. Dr. K. Sudhakaran, Rtn. Dr. V.Rajeevan, Rtn. V.V. Musthafa and Rtn. M.Sulaiman Master felicitated. Head Mistress Smt. P. Rajasree delivered welcome address and Kerala Kaumudi correspondent Sri. Purushothaman proposed vote of thanks.

**Maternal & Child Health:** Joining with MAM Reading Hall and Anganavady Thankayam we conducted an awareness class on maternal & Child health and importance of breast feeding in connection with the Brest Feeding Week. AG Rtn. C.H. Abdul Raheem inaugurated the program. Rtn. MD K. Sudhakaran explained about the subject in the class. Preliminary health check-up were done for public. Good number of Rotarians and public attended the program.

**Disease Prevention & Treatment:** Financial Aid for treatment: Handed over a good sum of amount to Smt. Asha, a bed-ridden patient residing at Elambachi. AG Rtn. C.H. Abdul Raheem, President, IPP and few members visited her house and handed over the amount. The fund was mobilized through the individual contributions of Rotarians.

## തിരിച്ച് പിടിക്കാം യൗവനം

ജീവനും, ആരോഗ്യവും നിലനിർത്താൻ ശരീരത്തിന് അവശ്യം ആവശ്യമുള്ളതെന്താണെന്ന് ചോദിച്ചാൽ പെട്ടെന്ന് വരുന്ന ഉത്തരം ഭക്ഷണം എന്നായിരിക്കും. പക്ഷേ അത് ഒരു ഘടകം മാത്രമല്ലേ ആകുന്നുള്ളു ? ഭക്ഷണം ലഭിക്കാതിരുന്നാൽ പോലും ശുദ്ധ വായുവും, ശുദ്ധ ജലവും, സൂര്യപ്രകാശവും ലഭിക്കുകയാണെങ്കിൽ ജീവൻ ആരോഗ്യത്തോടെ നിലനിർത്താൻ കാലങ്ങളോളം കഴിയും. പ്രായവും ,നിലവിലെ ആരോഗ്യസ്ഥിതിയും അനുസരിച്ച് അതിന് വ്യത്യസ്തത വരാമെങ്കിലും....

ശരീരത്തെ സംബന്ധിച്ചിടത്തോളം അവശ്യമെന്ന് പറയാവുന്നതിൽ പ്രഥമ ഗണനീയമായത് പ്രാണവായു തന്നെയാണ്. അത് ശരീരത്തിന് ലഭിക്കാതിരുന്നാൽ മിനുട്ടുകൾ മതി ആരോഗ്യ ശരീരം കൂടി ജീവൻ വെടിയാൻ. ഇനി രണ്ടാമത് നിൽക്കുന്നതാകട്ടെ ശുദ്ധജലമാണ്. വെള്ളം കിട്ടാതെ അധികനാൾ പിടിച്ച് നിൽക്കാനാവില്ല. ഇനിയും ഭക്ഷണത്തിന്റെ റോൾ ആയിട്ടില്ല അതിനിടയിൽ സൂര്യപ്രകാശം കൂടിയുണ്ട്. സൂര്യപ്രകാശത്തിന്റെ അഭാവം ഭക്ഷണം ലഭിക്കാത്തത് കൊണ്ട് ശരീരത്തിന് സംഭവിക്കാവുന്ന ദുരിതത്തെക്കാൾ ഗൗരവതരത്തിലുള്ള തായിരിക്കും. ഇനിയാണ് ഭക്ഷണം...... അതു തന്നെ കഴിച്ചത് കൊണ്ട് മാത്രം ഒരു ഗുണവും ലഭിക്കണമെന്നില്ല.... ദഹിച്ചാൽ മാത്രമാണ് ലഭിക്കുക. ദഹിച്ചില്ലെങ്കിൽ പഴകി പുളിച്ച് അസിഡിറ്റിയും, ഗ്യാസും വയറ്റിലും; ശരീരത്തിൽ അശുദ്ധ രക്തവും..... അതാതിനനുസരിച്ചുള്ള വിവിധ അസുഖങ്ങളും.....

അതു കൊണ്ട് തന്നെയാണ് പ്രാണായാമം, സൂര്യനമസ്ക്കാരം ഇവ നിത്യവും; ഉപവാസം (ആഹാരം ഒഴിവാക്കി അല്പാൽപം വെള്ളം കഴിക്കുക - ആഴ്ചയിൽ ഒരു ദിവസമെങ്കിലും) ചെയ്യുന്നത് ശരീരത്തെ ഊർജസ്വലമായി നിലനിർത്തുന്നതിന് നല്ലതാണെന്ന് ആയുർവ്വേദം പറയുന്നത്.



**Rtn.MPHF.Dr.V.RAJEEVAN**
സീനിയർ മെഡിക്കൽ ഓഫീസർ
ആയുഷ് ആയുർവ്വേദ ഹെൽത്ത് & വെൽനസ്
സെൻറർ, മാടക്കാൽ.

## ROTARY has taught me...

- The art of relating with everyone, with much love, so that all feel satisfied in their interaction with me.
- Do not let struggles and disputes come close. Attempt to make others understand and happily settle any disputes that they may have, in a loving manner.
- Never be negligent and perverse in my actions.
- Not to insult or condemn anyone.
- Not to hurt anyone's feelings and give them pain.
- Never humor anybody or make fun of them.
- Pay exceptional attention to conduct one's self morally and ethically, have good behavior, and follow the path of simplicity.
- To set my aim & goal very high.
- To remain ever enthusiastic about performing my duty and do the work eagerly and quickly with great zeal.
- To never regard any worthwhile Service Project to be impossible.
- To be enthusiastic, even the most difficult tasks, become easy.



Rtn. PHF. M.V. Balakrishnan

# മിയാവാക്കി വനം

ചെറിയ ഇടങ്ങളിൽ കാടു വളർത്താനുള്ള സവിശേഷമായ കൃഷി രീതിയാണ് 'മിയാവാക്കി കൃഷി ജപ്പാനിലെ പ്രശസ്തനായ പരിസ്ഥിതി ശാസ്ത്രജ്ഞൻ അകിര മിയവാക്കി വികസിപ്പിച്ചെടുത്ത ഈ കൃഷി രീതി അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. ഈ രീതി പ്രകാരം ഡസൻ കണക്കിന് സസ്യങ്ങളുടെ നാടൻ സ്പീശീസുകൾ ഒരേ സ്ഥലത്ത് അടുത്തടുത്തായി നടുന്നു. മുകളിൽ നിന്ന് മാത്രമേ സൂര്യ പ്രകാശം ലഭിക്കുകയുള്ളു. വശങ്ങളിലേക്കു വളരാതെ മുകളിലേക്കു വളരുന്നു എന്ന് ഉറപ്പു വരുത്താൻ കഴിയുന്നു. വളരെ ചെറിയ സ്ഥലം മാത്രമേ മിയവാക്കി കൃഷിക്ക് ആവശ്യം ഉള്ളു. കുറഞ്ഞത് 200 ചതുരശ്ര അടി മതിയാവും... സാധാരണയെക്കാൾ പത്തിരട്ടി വേഗത്തിൽ വളരും. മൂന്ന് വർഷം കൊണ്ട് വനത്തിന്റെ മിനി രൂപം കൈവരും

1.നാടൻ ചെടികളുടെ പട്ടിക തയ്യാറാക്കി. 60 cm നീളമുള്ളവ വാങ്ങുക. കുറ്റി ചെടി 6 അടി ഉപ വൃക്ഷം 6..മുതൽ 12 അടി.. വൃക്ഷങ്ങൾ 20..മുതൽ 40 അടിവരെ. വൻ വൃക്ഷങ്ങൾ 40 അടിക്കു മുകളിൽ എന്നിവ തിരഞ്ഞെടുത്തു ഇടകലർത്തി നടുക. ഒരേ ഇനത്തിൽ പെട്ടവ അടുത്തായി നടരുത്. വേരുകളിലേക്കെ വെള്ളം കയറുന്ന വിധം സ്പോഞ്ച് രൂപത്തിലുള്ള ഉമി, തൊലി എന്നീ ജൈവ വസ്തുക്കൾ ഇടുക. ചകിരിച്ചോറ് തുടങ്ങിയവ ചേർക്കാം. ജൈവ മാലിന്യങ്ങൾ ചേർക്കാം. ഒരു മീറ്റർ കുഴിയിൽ ഒരു ചതുരശ്ര മീറ്റർ സ്ഥലത്ത് 4 ചെടി വരെ നടാം. അകലം 60 cm. മരക്കൊള്ളികൾ വെച്ചു കെട്ടുക. ദിവസത്തിൽ ഒരു തവണ നനക്കണം. ആദ്യ വർഷങ്ങളിൽ കളകൾ വരാതെ നോക്കണം. മാസത്തിൽ ഒരു തവണ ശ്രദ്ധിച്ചു മാറ്റങ്ങൾ വരുത്തുക ചില്ലകൾ മുറിച്ചു മാറ്റരുത്.



Rtn. PHF. V.V Musthafa. Dist. Chair. Environment.

Save Earth

Art by
Aanchal Vijayaram,
Grand daughter of
Rtn. PHF. Dr.O.K.Anandakrishnan




**TEAM ROTARY 2024-25**







Printed and Published by Editor Rtn. Babu.B.P for Trikaripur Rotary ( for private circulation Only)